(ബി) എൻ.സി.ഡി.സി. അംഗീകാരത്തോടെ നടപ്പാക്കുന്ന പദ്ധതി അനുസരിച്ച് വലകൾ നൽകുന്നതിന് സബ്സിഡി ഉണ്ട്. ഓരോ കൊല്ലവും ചെലവായ തുകയും സബ്സിഡിയും താഴെകാണും പ്രകാരമാണ്.

വർഷം	തുക ലക്ഷത്തിൽ	സബ്സിഡി രൂപ ലക്ഷത്തിൽ
1990-91	63·08	15·77
1991-92	94·13	23·53
1992-93	252·04	63·01
1993-94	66·07	16·52
1994-95	72·35	18·09
1995-96	75·37	18·84
ആകെ	623·04	155·76

ഐസ് പ്ലാൻറുകൾ

65 [1658] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിലെ പ്രവർത്തനരഹിതമായ ഐസ് പ്ലാൻറുകൾ പ്രവർത്തനയോഗ്യമാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഐസ് പ്ലാൻറ് മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) പ്രവർത്തനസജ്ജമാക്കുവാൻ കഴിയുന്ന ഐസ് പ്ലാൻറുകൾ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല.

മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ

66 [1660] ശ്രീ. ടി. വി. ചന്ദ്രമോഹനൻ:
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സർവതോമുഖമായ പുരോഗതി ലാക്കാക്കിയുള്ള എന്തെല്ലാം കർമ്മപരിപാടികളാണ് ഈ സർക്കാർ ഇതിനകം നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തുകഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly